**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5991** **17-03-2023 - ൽ മറുപടിയ്ക്ക്**

**മസാലബോണ്ട് വഴി കിഫ്ബി സമാഹരിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മസാല ബോണ്ട് വഴി കിഫ്ബി സമാഹരിച്ച തുക എത്രയാണ്; ഇതിന്റെ പലിശനിരക്ക് എത്രയാണ്; | (എ) | മസലാ ബോണ്ട് വഴി 2150 കോടി രൂപയാണ് കിഫ്ബി സമാഹരിച്ചത്. ഇതിന്റെ പലിശ 9.723% ആണ്. |
| (ബി) | കൊച്ചി മെട്രോയ്ക്ക് വേണ്ടി 2011-16 ലെ സർക്കാർ ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി. യിൽ നിന്നും കടമെടുത്ത തുക എത്രയാണ്; പലിശ നിരക്ക് എത്രയാണ്; വ്യക്തമാക്കാമോ? | (ബി) | **KMRL AFD Loan**<br><br>• കൊച്ചി മെട്രോയ്ക്ക് വേണ്ടി ഫ്രഞ്ച് കമ്പനിയായ എ,എഫ്.ഡി യിൽ നിന്നും 180 മില്യൺ യൂറോ വായ്പയെടുക്കുന്നതിനുള്ള എഗ്രിമെന്റ് 2014 ഫെബ്രുവരി മാസം 7 ാം തീയതി കേന്ദ്ര സർക്കാർ ഒപ്പ് വച്ചു. കൊച്ചി മെട്രോ ഫേസ്-1 വികസനത്തിന്റെ ഭാഗമായി ആയിരുന്നു ഈ വായ്പ. ഇതനുസരിച്ച് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് 1327.11 കോടി രൂപ (180 മില്യൺ യൂറോ) കേന്ദ്ര സർക്കാരിൽ നിന്ന് പാസ്സ് ത്രൂ അസിസ്റ്റൻസായി 2014 മുതൽ 2017 വരെ ലഭിച്ചു. വായ്പയുടെ മൊത്തം കാലാവധി ഫെബ്രുവരി 2014 മുതൽ മാർച്ച് 2039 വരെയാണ്. ഇതിൽ അഞ്ച് വർഷം ഗ്രേയ്സ് പീരീഡും, 20 വർഷം തിരിച്ചടവ് കാലാവധിയും (സെപ്റ്റംബർ 2019 മുതൽ മാർച്ച് 2039 വരെ) ആണ്. ഈ ലോണിന്റെ പലിശ നിരക്ക് ഓരോ ആറ് മാസവും വ്യതിചലിക്കുന്നതാണ്. ഇത് 6 months EURIBOR + 1.55% p.a (Margin) എന്ന നിരക്കിലാണ്. അതായത് 25 വർഷത്തെ വായ്പ കാലയളവിൽ ഏകദേശം 50 തവണയോളം പലിശ നിരക്ക് വിദേശനാണ്യ വിനിമയ നിരക്കിന്റെ അടിസ്ഥാനത്തിൽ വ്യതിചലിക്കും. (വായ്പാകരാറിന്റെ പ്രസ്തുത പേജുകളും KMRL ന്റെ വാർഷിക റിപ്പോർട്ടിലെ പ്രസ്കത ഭാഗങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.) |

| | | | | |
|---|---|---|---|---|
| | | | | • കേന്ദ്രസർക്കാർ മുഖേന ലഭ്യമാക്കിയ ഈ ലോണിന് വിദേശനാണ്യ വിനിമയ നിരക്കിന്റെ ബാധ്യത (ഫോറിൻ എക്സ്ചേഞ്ച് റിസ്ക്) KMRL കമ്പനിയ്ക്ക് വരില്ലായെങ്കിലും ഈ വായ്പ സംബന്ധിച്ച ഉടമ്പടിയുടെ സെക്ഷൻ 12.1 പ്രകാരം ഇത് കേരള സർക്കാരിന്റെ ബാധ്യതയാണ്. KMRL അവർക്ക് ലഭിച്ച തുക ഇന്ത്യൻ രൂപയിൽ കേന്ദ്ര സർക്കാരിന് നൽകുന്നു. എന്നാൽ വായ്പ തിരിച്ചടവ് പൂർത്തിയായ ശേഷം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ വിദേശനാണ്യവിനിമയ നിരക്കിലെ വ്യതിയാനം കണക്കുകൂട്ടി "8680- Miscellaneous Government Accounts" എന്ന ശീർഷകത്തിലേക്ക് കണക്കുവെക്കുന്നു. ഇത് അടച്ച് ഒടുക്കേണ്ട ബാധ്യത കേരള സർക്കാരിനാണ്.<br><br>KMRL നു ലഭിച്ച AFD വായ്പ കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്നതാണ് (ഇത്തരത്തിൽ ലഭിക്കുന്ന വായ്പ്പകൾ കേന്ദ്ര സർക്കാർ ഇടനിലക്കാരായി നിന്നുള്ള സർക്കാർ വായ്പയിൽ ഉൾപ്പെടുന്നവയാണ്). എന്നാൽ 2014 ൽ KMRL അവരുടെ സ്വന്തം നിലയിൽ കനറാബാങ്കിൽ നിന്നുള്ള വായ്പ്പയ്ക്ക് 10.80% (MCLR + 0.95%) ആയിരുന്നു പലിശനിരക്ക്. |

സെക്ഷൻ ഓഫീസർ